Draft #1 of File 4816/AD C2/3/2019/AD C 2 Approved by ASSISTANT REGISTRAR IV (ADMIN) on 11-Nov-2019 11:30 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം :-അന്തർ സർവ്വകലാശാലാ സ്ഥലം മാറ്റം മുഖേന പരസ്പരമാറ്റവ്യവസ്ഥയിൽ കേരള സർവ്വകലാശാലയിൽ നിന്നും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച 13 അസിസ്റ്റന്റുമാരുടെ പരിവീക്ഷാകാലപൂർത്തീകരണപ്രഖ്യാപനം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം സി 2 സെക്ഷൻ**

നമ്പർ. 5542/AD C 2/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 11.11.2019

---

പരാമർശം:-1).കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ 05.09.2016 തീയതിയിലെ കത്ത് നം.RIB(2)11836/16/GW.

2).06.10.2016 തീയതിയിലെ കേരള സർവ്വകലാശാല ഉത്തരവ് Ad.A1/39949/PSC/2016.

3).22.11.2017 തീയതിയിലെ മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് 6900/എ1/1/2017/ഭരണവിഭാഗം

4).സർക്കാർ ഉത്തരവ് (അച്ചടി) നം.7/2019/ഉ.വി.വ. തീയതി 26.02.2019.

5).കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾ 10b(iii).

6).26.07.2018 തീയതിയിലെ വിജ്ഞാപനം നം.AcL/1202/SA/2018 പ്രകാരം ഭേദഗതി വരുത്തിയ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997,അദ്ധ്യായം IV,ഭാഗം II സ്റ്റാറ്റ്യൂട്ട് 10(1).

7).19.08.2019 തീയതിയിലെ സ.ഉ.നം.3976/ADA I/2019/എം.ജി.യു.

8).പരിവീക്ഷാകാലം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് 13 ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും, പരാമർശം (3) പ്രകാരം അന്തർ സർവ്വകലാശാല സ്ഥലം മാറ്റ വ്യവസ്ഥയിൽ 01.11.2017-ൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത 13 അസ്സിസ്റ്റന്റുമാർ, ടി തസ്തികയിലെ പരിവീക്ഷാകാലം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കണമെന്ന് പരാമർശം (8) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ടി ജീവനക്കാർക്ക് പരാമർശം (6) പ്രകാരം 3 വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ 2 വർഷത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

പരാമർശം (1),(2) എന്നിവ പ്രകാരം ജോലിയിൽ പ്രവേശിച്ച ടി ജീവനക്കാർ തങ്ങളുടെ പരിവീക്ഷാകാലയളവിൽ തന്നെ പരാമർശം (4) പ്രകാരമുള്ള നിർബന്ധിത വകുപ്പുതല പരീക്ഷയായ സെക്രട്ടറിയേറ്റ് ഓഫീസ് മാനുവൽ വിജയിച്ചിട്ടുണ്ട്. പരാമർശം (5) പ്രകാരം ടി ജീവനക്കാരുടെ സ്വഭാവവും പൂർവ്വചരിത്രവും പരിശോധിച്ച് ടിയാളുകൾ അസിസ്റ്റന്റ് തസ്തികയിലുള്ള നിയമനത്തിന് അനുയോജ്യരാണെന്ന് വ്യക്തമാക്കുന്ന പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. കേരള പബ്ലിക്

സർവ്വീസ് കമ്മീഷന്റെ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാളുകളുടെ അസിസ്റ്റന്റ് തസ്തികയിലെ നിയമനം അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ക്രമപ്പെടുത്തി കൊണ്ട് പരാമർശം (7) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരിവീക്ഷാകാലയളവിൽ ടി ജീവനക്കാരുടെ സ്വഭാവവും പ്രവർത്തനവും തൃപ്തികരമായിരുന്നുവെന്നും പണിമുടക്കുകളിൽ പങ്കെടുത്തിട്ടില്ലായെന്നും മേലധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത കാലയളവിൽ ശ്രീമതി.ഷെറിൻ സാം 13 അർദ്ധവേതനാവധികളും, ശ്രീ.ഹരികൃഷ്ണൻ ആർ ചികിത്സാ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 13 ശൂന്യവേതനാവധികളും, 1 ആർജിതാവധിയും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. മറ്റു ജീവനക്കാർ പരിവീക്ഷകാലം ദീർഘിപ്പിക്കുന്ന അവധികളൊന്നും തന്നെ പ്രയോജനപ്പെടുത്തിയിട്ടില്ല.

ടി ജീവനക്കാർ പ്രൊബേഷൻ സംബന്ധിച്ച എല്ലാ വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിച്ച്,അസിസ്റ്റന്റ് തസ്തികയിൽ തുടർച്ചയായ 2 വർഷത്തെ സേവനകാലം പൂർത്തിയാക്കിയിരുന്നു.

ആയത് പരിഗണിച്ച്, ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ ജീവനക്കാർ അസിസ്റ്റന്റ് തസ്തികയിലെ പരിവീക്ഷകാലം ടിയാളുകളുടെ പേരിനു നേർക്ക് കാണിച്ചിരിക്കുന്ന തീയതി മുതൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് രജിസ്ട്രാർ (i/c) ഉത്തരവായിരിക്കുന്നു.

| ക്രമ നം | അസ്സിസ്റ്റന്റിന്റെ പേരും പി എഫ് നമ്പരും | കേരള സർവകലാശാല-യിൽ ജോലിയിൽ പ്രവേശിച്ച തീയതി | മഹാത്മാഗാന്ധി സർവകലാശാല-യിൽ ജോലിയിൽ പ്രവേശിച്ച തീയതി | സെക്രട്ടേറിയറ്റ് ഓഫീസ് മാനുവൽ പാസ്സായ തീയതി | രണ്ടു വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയ തീയതി | പരിവീക്ഷാകാല പൂർത്തീകരണ പ്രഖ്യാപന തീയതി |
|---|---|---|---|---|---|---|
| 1 | അരുൺ പി രാജ് | 17-10-2016 FN | 01-11-2017 FN | Jan-2017 | 16-10-2018 AN | 17-10-2018 FN |
| 2 | സായൂജ് എസ് | 15-10-2016 FN | 01-11-2017 FN | Jan-2017 | 14-10-2018 AN | 15-10-2018 FN |
| 3 | ലിബിൻ സാബു | 15-10-2016 FN | 01-11-2017 FN | Jan-2017 | 14-10-2018 AN | 15-10-2018 FN |
| 4 | അനുമോൾ മോഹൻ | 20-10-2016 FN | 01-11-2017 FN | Jan-2017 | 19-10-2018 AN | 20-10-2018 FN |
| 5 | മെറിൻ മാത്യൂസ് | 17-10-2016 FN | 01-11-2017 FN | Jan-2017 | 16-10-2018 AN | 17-10-2018 FN |
| 6 | മമത ആർ നാഥ് | 17-10-2016 FN | 01-11-2017 FN | Jan-2017 | 16-10-2018 AN | 17-10-2018 FN |
| 7 | ഷെറിൻ സാം | 15-10-2016 FN | 01-11-2017 FN | Jan-2017 | 27-10-2018 AN (HPL-13) | 28-10-2018 FN |
| 8 | ബിബിൻ ബാബു | 20-10-2016 FN | 01-11-2017 FN | July-2018 | 19-10-2018 AN | 20-10-2018 FN |
| 9 | ഹരികൃഷ്ണൻ ആർ | 17-10-2016 FN | 01-11-2017 FN | July-2018 | 30-10-2018 AN (LWA on MC-13,EL-1) | 31-10-2018 FN |
| 10 | അശോക് ജി | 15-10-2016 FN | 01-11-2017 FN | Jan-2017 | 14-10-2018 AN | 15-10-2018 FN |
| 11 | ജ്യോതിഷ്.എൻ.ബി | 26-10-2016 FN | 01-11-2017 FN | July-2017 | 25-10-2018 AN | 26-10-2018 FN |
| 12 | അജിത് കെ എസ് | 21-10-2016 FN | 01-11-2017 FN | Jan-2017 | 20-10-2018 AN | 21-10-2018 FN |
| 13 | ആശ കെ നായർ | 25-10-2016 FN | 01-11-2017 FN | Jan-2017 | 24-10-2018 AN | 25-10-2018 FN |

Draft #1 of File 4816/AD C2/3/2019/AD C 2 Approved by ASSISTANT REGISTRAR IV (ADMIN) on 11-Nov-2019 11:30 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

മായാ ജെ പള്ളിപ്പറമ്പിൽ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2.വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ / പരീക്ഷ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4.എഡി എ I
5.ഫിനാൻസ് I/II/V
6.അസിസ്റ്റന്റ് രജിസ്ട്രാർ IV(ഫിനാൻസ്)
7.ഫിനാൻസ് കമ്പ്യൂട്ടർ സെൽ
8.ജോയിന്റ് ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,എം.ജി സർവ്വകലാശാല
9.പി.ആർ.ഒ / സിറ്റാഡ്
10.കണ്ടന്റ് മാനേജ്മെന്റ് / റെക്കോർഡ്സ് വിഭാഗങ്ങൾ
11.സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 4816/AD C2/3/2019/AD C 2 Approved by ASSISTANT REGISTRAR IV (ADMIN) on 11-Nov-2019 11:30 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം